DMG/3692/2022-E3

/22/2023

Appendix-H4

നോട്ടീസ്

ശ്രീ.ബിജ്ജു ആന്റണി എന്ന താങ്കൾ മൈനിങ് & ജിയോളജി വകുപ്പിന്റെ ആസ്ഥാനകാര്യാലയത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ താങ്കളുടെ അപേക്ഷ പ്രകാരം വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി 6/5/2013 മുതൽ 5/5/2022വരെ ആകെ 9 വർഷം KSR Part 1 അനുബന്ധം XII-A പ്രകാരം താങ്കൾക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ടി അവധികൾക്ക് ശേഷം 6/5/2022 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ട താങ്കൾ ജോലിയിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിന്ന കുറ്റത്തിന് താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ്, കുറ്റാരോപണ മെമ്മോ എന്നിവ നൽകുകയുണ്ടായി. ആയതിന് താങ്കൾ പ്രതിവാദപത്രിക സമർപ്പിക്കുകയുണ്ടായില്ല. താങ്കളുടെ ഭാഗത്തു നിന്നുള്ള കൃത്യവിലോപത്തിനും ഗുരുതരമായ അച്ചടക്ക ലംഘനത്തിനും 1960 ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) റൂൾസ് പ്രകാരം നടപടി സ്വീകരിക്കുന്നതിനുമുമ്പായി താങ്കൾക്ക് എന്തെങ്കിലും കാരണം ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് നിയമിക്കപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ നേരിട്ട് ഹിയറിങ്ങിന് ഹാജരാകുവാൻ നൽകിയ നോട്ടീസിനും താങ്കൾ മറുപടി ലഭ്യമാക്കുകയോ നേരിട്ട് ഹാജരാകുകയോ ചെയ്തിട്ടില്ല.

മേൽ സാഹചര്യത്തിൽ താങ്കളെ KCS(CC&A)Rules 1960 ലെ ചട്ടം 11(1)(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള (removal from service) താത്ക്കാലിക തീരുമാനം കൈക്കൊണ്ട് ടി വിവരം താങ്കളെ അറിയിക്കുകയും ആയതിൽ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ടി കത്ത് കൈപ്പറ്റി 7 ദിവസത്തിനകം ഈ ഓഫീസിനെ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നതുമാണ്. എന്നാൽ ടി കത്തിനും താങ്കളുടെ ഭാഗത്തു നിന്നുംവിശദീകരണം ലഭിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ താങ്കളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് കൈക്കൊണ്ട താത്ക്കാലിക തീരുമാനം സംബന്ധിച്ച് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി പതിനഞ്ച് ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം താങ്കളുടെ എതിർവാദം സമർപ്പിച്ചില്ലായെങ്കിൽ ഇതിന്മേൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ താങ്കളെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കാരണം കാണിക്കൽ നോട്ടീസ്/കുറ്റാരോപണ മെമ്മോ/കുറ്റാരോപണ പത്രിക എന്നിവയുടെ പൂർണ്ണ രൂപം നേരിട്ട് അപേക്ഷ നൽകി മൈനിങ് & ജിയോളജി വകുപ്പിന്റെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ ആഫീസിൽ നിന്നും ആഫീസ് പ്രവൃത്തി സമയത്ത് ശേഖരിക്കാവുന്നതോ അല്ലെങ്കിൽ താങ്കളുടെ അഡ്രസ്സിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അയച്ചുതരുവാൻ അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്.

അച്ചടക്ക നടപടി അധികാരിയുടെ തസ്തിക:
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
മൈനിങ് & ജിയോളജി ആസ്ഥാന കാര്യാലയം

Signed by Ram Kumar C R
Date: 04-05-2023 14:24:12
Reason: Approved
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്
ശ്രീ.ബിജ്ജു ആന്റണി
ബിജ്ജു ഭവൻ, കോതപുരം